# വിലപിക്കുന്ന ഉപദേഷ്ടാവ്

## ഒരു മുഖവുര

ഞാൻ വളർന്ന നാട്ടിൻപുറത്തെ ഒരു ഉപദേഷ്ടാവിനെ “കരയുന്ന ഉപദേഷ്ടാവ്” എന്നാണ് അറിയപ്പെട്ടിരുന്നത്. സഹോദരൻ ന്യൂറ്റ് പെൻലെറ്റൺ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന്റെ കവിളിൽകൂടെ കണ്ണുനീരൊഴുകുന്നത് അസാധാരണമായിരുന്നില്ല. സഹോദരൻ പെൻലെറ്റൺ ഹൃദയത്തിൽനിന്ന് പ്രസംഗിച്ചതുകൊ് എന്റെ അമ്മക്ക് അദ്ദേഹ ിന്റെ പ്രസംഗം വലിയ ഇഷ്ടമായിരുന്നു. അതറിഞ്ഞ്, ചിലർ ദൈവവചനം സന്തോഷം തരുന്നില്ല എന്നു പറഞ്ഞ് തള്ളിക്കളഞ്ഞിട്ടു്. അനുസരിക്കുവാനുള്ള അദ്ദേഹത്തിന്റെ അപേക്ഷ ആത്മാക്കളുടെ നിത്യമായ അവസ്ഥയെ കുറിച്ചുള്ള ആത്മാർത്ഥമായ കരുതലാണ് സൂചിപ്പിച്ചത്.

ക്രിസ്തുവിന് അറുന്നൂറു വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന ഒരു കരയുന്ന മറ്റൊരു ഉപദേഷ്ടാവ് ഉായിരുന്നു. യെരുശലേമിന്ന്[1] മൂന്നു മൈൽ അകലെ വടക്ക് കിഴക്കായി സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ സ്ഥലത്തെ പുരോഹിതകുടുംബത്തിലെ അംഗമായിരുന്നു, അവന്റെ അപ്പനായ ഹിൽക്കിയാവ്. ആ കരയുന്ന ഉപദേഷ്ടാവിന്റെ പേർ യിരെമ്യാവ് എന്നായിരുന്നു, അതിനർത്ഥം, “അവൻ എറിയുന്നവനെ, ദൈവം സ്ഥാപിക്കുന്നു.” ദൈവം അവനെ വിളിച്ചതിന്റെ ഒരു ഉദ്ദേശം സൂചിപ്പിക്കുന്നതാണ് ആ പേരിന്റെ അർത്ഥം: “നശിപ്പിക്കുവാനും മറിച്ചിടുവാനും, ...” (യിരെമ്യാവ് 1:10).

യെഹൂദ്യയിലും യെരുശലേമിലും തന്റെ ശബ്ദം കേൾപ്പിക്കുന്ന, ഒരു ഉപദേഷ്ടാവ് ദൈവത്തിന് ആവശ്യമായിരുന്നു. കാര്യം പലപ്പോഴും അങ്ങനെയാണെന്നിരിക്കെ, ദൈവം ഈ ദൗത്യത്തിനായി അവനെ അമ്മയുടെ ഉദരത്തിൽ വെച്ചുതന്നെ തിരഞ്ഞെടുത്തു. ആ വിലപിക്കുന്ന ഉപദേഷ്ടാവിനെ ദൈവം വിളിച്ചതിനെ കുറിച്ച് യിരെമ്യാവിന്റെ പുസ്തകം പറയുന്നു:

> ബെന്യാമീൻ ദേശത്ത് അനാഥോത്തിലെ പുരോഹിതന്മാരിൽ ഹിൽക്കിയാവിന്റെ മകനായ യിരെമ്യാവിന്റെ വചനങ്ങൾ: അവന്ന് യെഹുദാരാജാവായി ആമോന്റെ മകനായ യോശിയാവിന്റെ കാലത്ത്, അവന്റെ വാഴ്ച്ചയുടെ പതിമൂന്നാം ആിൽ, യഹോവയുടെ അരുളപ്പാടുായി. യെഹൂദാ രാജാവായി യോശിയാവിന്റെ മകനായ സിദെക്കിയാവിന്റെ പതിനൊന്നാം ആിന്റെ അവസാനം വരെയും അഞ്ചാം മാസത്തിൽ യെരുശലേമ്യരെ പ്രവാസത്തിലേക്ക് കൊുപോയതുവരെയും തന്നെ അങ്ങനെ ഉായി.
>
> യഹോവയുടെ അരുളപ്പാട് എനിക്ക് ഉായതെന്തെന്നാൽ, നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനുമുമ്പെ, ഞാൻ നിന്നെ അറിഞ്ഞു. നീ ഗർഭപാത്ര പാത്രത്തിൽ നിന്നു പുറത്തു വരുന്നതിന് മുമ്പെ ഞാൻ നിന്നെ ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു (1:1–5)

യിരെമ്യാവ് ജനിക്കുന്നതിനു മുൻപു തന്നെ അവനെ ദൈവം “ജാതികൾക്കുള്ള ഒരു പ്രവാചകനാക്കുവാൻ” തീരുമാനിച്ചിരുന്നു. ദൈവം ശിശുവായിരുന്നവരെ എഴുന്നേല്പിച്ച് താൻ ചെയ്യുവാൻ ആഗ്രഹിച്ചത് അവരിൽകൂടെ എത്ര പ്രാവശ്യമാണ് ചെയ്തിരിക്കുന്നത്! തന്റെ സന്ദേശം അറിയിക്കുവാൻ ദൈവം യിരെമ്യാവിനെ ചെറുപ്പത്തിൽ വിളിച്ചപ്പോൾ, അവൻ, സാധാരണ കൗമാരക്കാരെ പോലെ ആയിരുന്നു.

ആദ്യം പ്രവാചകൻ മടിച്ചുകൊ് പറഞ്ഞു, “അയ്യോ, യഹോവയായ കർത്താവേ, എനിക്ക് സംസാരിപ്പാൻ അറിഞ്ഞുകൂടാ. ഞാൻ ബാലനല്ലൊ” (യിരെമ്യാവ് 1:6). ആ ഒഴികഴിവ് ദൈവം സ്വീകരിച്ചില്ല, എന്നാൽ അവൻ പറഞ്ഞു, “ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു” (യിരെമ്യാവ് 1:9). മറ്റൊരവസരത്തിൽ, യഹോവ അവന് അമിത ശക്തി നൽകിയതായി പരാതിപ്പെടുകയുായി. അവൻ തന്റെ ദൗത്യം വിട്ടുകളവാൻ പോലും ആഗ്രഹിച്ചു; എന്നാൽ ദൈവത്തിന്റെ വചനം അവന്റെ അസ്ഥികളിൽ തീ കത്തുന്നതുപോലെ കത്തിക്കൊിരുന്നതുകൊ്, അവന് വിട്ടുകളവാൻ കഴിഞ്ഞില്ല (യിരെമ്യാവ് 20:7–9). അവന്റേത് ഒരു ദുഃഖകരമായ സംഭവമായിരുന്നു.

എന്തിനാണ് യിരെമ്യാവ് കരഞ്ഞത്? അവന്റെ ശുശ്രൂഷക്ക് ചുറ്റുമുള്ള ചരിത്രം പരിശോധിച്ചാൽ നമുക്ക് മൂന്നു കാരണങ്ങൾ കാണാം.

## അവന്റെ സന്ദേശം ത്യജിക്കൽ

പ്രചാരമില്ലാത്ത ഒരു സന്ദേശം അറിയിക്കുവാനാണ് യിരെമ്യാവിനോട് ആവശ്യപ്പെട്ടത്. കേൾക്കുവാൻ താൽപര്യമില്ലാത്ത ആളുകളോട് പ്രസംഗിക്കുന്നത് നിരുൽസാഹപ്പെടുത്തും. പ്രചാരം ലഭിക്കാതെ ഒരാൾക്ക് സമാധാനത്തോടും തൃപ്തിയോടും കൂടെ ജീവിക്കുവാൻ കഴിഞ്ഞേക്കാം, എന്നാൽ നിങ്ങൾ ദൈവവേല ചെയ്യുന്നതുകൊ് നിങ്ങളെ വെറുക്കുന്ന ഒരു സമൂഹത്തിൽ ജീവിക്കുക പ്രയാസമാണ്. നാശം വരുവാനിരിക്കുന്നതുകൊ്, നിനക്ക് ഭാര്യയോ മക്കളോ ഉാകരുത് എന്ന് ദൈവം യിരെമ്യാവിനോട് പറഞ്ഞിരുന്നു (യിരെമ്യാവ് 16:1–4). അവനോട് ദൈവം ചെയ്യുവാൻ പറഞ്ഞ കാര്യങ്ങളിലധികവും ക്രിയാത്മകമായവയേക്കാൾ നിഷേധാത്മകമായിരുന്നു: “... നിർമ്മൂലമാക്കുവാനും, പൊളിപ്പിപ്പാനും, നശിപ്പിപ്പാനും, ഇടിച്ചുകളവാനും, പണിവാനും, നടുവാനും” (യിരെമ്യാവ് 1:10).

യെഹൂദക്കും യോശിയാവിനും ദൈവശബ്ദമാകുവാൻ പ്രവാചകനെ വിളിച്ചപ്പോൾ-നല്ല ചില രാജാക്കന്മാരിൽ ഒരാളായിരുന്നു യഹൂദ – അവൻ യെരുശലേമിന്റെ സിംഹാസനത്തിൽ പതിമൂന്നു വർഷം വാണു. രാജാവിന് അപ്പോൾ ഇരുപത്തി-ഒന്നു വയസ് മാത്രമെ പ്രായമുായിരുന്നുള്ളു, അവൻ എട്ടാമത്തെ വയസിൽ രാജാവായി തീർന്നിരുന്നു (2 രാജാക്കന്മാർ 22:1). യിരെമ്യാവിനെ വിളിക്കപ്പെട്ട് അഞ്ചു വർഷം കഴിഞ്ഞപ്പോൾ, യോശിയാവ് യെരുശലേമിൽ വിസ്തൃതമായ മത പരിഷ്ക്കാരം നടത്തി. അവൻ ദൈവാലയത്തിന്റെ അറ്റകുറ്റപണികൾക്കായി പണം ശേഖരിക്കയും ദൈവത്തെ ആരാധിക്കുന്നത് പുനഃസ്ഥാപിക്കയും ചെയ്യുവാൻ തുടങ്ങി (2 രാജാക്കന്മാർ 22:3–23:25). യഹോവയുടെ വചനത്തോട് അവന് തുറന്ന മനസുായിരുന്നു. യോശിയാവും യിരെമ്യാവും ദൈവസ്നേഹം ഉള്ളവരും ഏക ഉദ്ദേശമുള്ളവരുമായിരുന്നു; അവർ അന്യോന്യം നല്ല ബന്ധവും പുലർത്തിയിരുന്നു. ദൈവാലയത്തിന്റെ അറ്റകുറ്റ ജോലികൾ ചെയ്തവർ ദൈവത്തിന്റെ നിയമപുസ്തകം കടെുക്കുക

യും (2 രാജാക്കന്മാർ 22:8–11), യിരെമ്യാവ് ആ പുസ്തകത്തിലെ വചനങ്ങൾ യെഹൂദ്യയിലും യെരുശലേമിലും പ്രസംഗിക്കുവാൻ തുടങ്ങി (യിരെമ്യാവ് 11:1–8). യോശിയാവിന്റെ ഹൃദയം ദൈവത്തിലേക്ക് തിരിക്കുവാൻ, യിരെമ്യാവ് വലിയ സ്വാധീനമായി തീർന്നു എന്നതിൽ, യാതൊരു സംശയവുമില്ല. യോശിയാവ് മരിച്ചപ്പോൾ, അവന്റെ മരണത്തിൽ യിരെമ്യാവ് വിലപിക്കുകയും, ആ നഷ്ടം യഹൂദക്കും യഹോവയുടെ നാമത്തിനും വലുതാണെന്ന് അവന്റെ വിലാപത്തിൽ എഴുതുകയും ചെയ്തു (2 ദിനവൃത്താന്തം 35:25).

യോശിയാവിന്റെ മരണശേഷം, യിരെമ്യാവിന്റെ സന്ദേശം യഹൂദാ രാജാക്കന്മാർ ചെവിക്കൊില്ല. പ്രത്യേകിച്ച്, സിദെക്കിയാവ് "യഹോവയുടെ വചനം സംസാരിച്ച യിരെമ്യാവിന്റെ മുമ്പിൽ തന്നെത്താൻ താഴ്ത്തിയില്ല" (2 ദിനവൃത്താന്തം 36:12). ദൈവം നൽകിയ സത്യം മാത്രമാണ് പ്രവാചകൻ പ്രസംഗിച്ചതെങ്കിലും, ആളുകളാരും അവനിൽ വിശ്വസിച്ചില്ല.

യോശിയാവിന്റെ പരിഷ്ക്കാരം ചെറുതും താമസിച്ചുംപോയിരുന്നു, അവന്റെ ഹൃദയം മൃദുവും, അവൻ യഹോവയുടെ സന്നിധിയിൽ തന്നെത്താൻ താഴ്ത്തുകയും ചെയ്തതുകൊ്, യോശിയാവ് ജീവിച്ചിരിക്കുമ്പോൾ, ദൈവം അവന്റെ രാജ്യം സംരക്ഷിക്കുമെന്ന് അരുളിച്ചെയ്തിരുന്നു (2 രാജാക്കന്മാർ 22:18–20). എങ്ങനെയായാലും, ദൈവത്തിനെതിരായ യഹൂദയുടെ പാപങ്ങൾ കഠിനമായിരുന്നതുകൊ് യഹോവയുടെ കോപം അണഞ്ഞില്ല. യോശിയാവിന്റെ മരണശേഷം, അത്യാപത്ത് വരുവാനിരിക്കുന്നു (2 രാജാക്കന്മാർ 23:26, 27), യിരെമ്യാവിന് ഇതറിയാമായിരുന്നതുകൊ്, യോശിയാവിന് ശേഷം വന്ന രാജാക്കന്മാരോട് അവൻ അത് മുന്നറിയിക്കയും ചെയ്തിരുന്നു (യെഹോവാഹാസ്, യഹോയാക്കിം, യഹോയിയാഖീം, സിദെക്കിയാവ്). അവൻ സത്യമാണ് സംസാരിച്ചതെങ്കിലും, അഹംഭാവികളായിരുന്ന ആ രാജാക്കന്മാർ ദൈവവചനം ചെവിക്കൊില്ല (യിരെമ്യാവ് 17:19–27). അവന്റെ സ്വദേശസമൂഹത്തിനും, യഹൂദദേശത്തിനും, ഗവൺമെന്റിനുപോലും യിരെമ്യാവിനെ അവരുടെ ശത്രുവായിട്ടേ അവർക്ക് കാണുവാൻ കഴിഞ്ഞുള്ളു (യിരെമ്യാവ് 12:6).

യെരുശലേമിലെ ദൈവാലയപ്രാകാരത്തിൽ പ്രസംഗിപ്പാൻ ദൈവം യിരെമ്യാവിനെ അയക്കുന്നതായി യിരെമ്യാവ് 26–ൽ പറയുന്നു്. യഹൂദ്യദേശത്തുനിന്നും ദൈവത്തെ ആറാധിക്കുവാൻ യെരുശലേമിൽ വന്ന ആളുകളൊക്കെയും ദൈവസന്ദേശം കേൾക്കണമെന്ന് ദൈവം ആഗ്രഹിച്ചു. യിരെമ്യാവിന്റെ പ്രസംഗം കേട്ട പുരോഹിതന്മാരും പ്രവാചകന്മാരും, കോപിഷ്ഠരായിതീർന്നു. അവർ അവനെ പിടിച്ച് മരണശിക്ഷെക്ക് ഏല്പിച്ചു കൊടുത്തു. മരണമുഖത്തായിരുന്നിട്ടുപോലും, യിരെമ്യാവ് അവരോട് യഹോവയുടെ വചനം കേൾപ്പാൻ അപേക്ഷിച്ചുകൊയേിരുന്നു. അവന് തന്റെ ജീവൻ ആയിരുന്നില്ല ഉദ്ദേശം, ജനത്തിന്റെ ക്ഷേമമായിരുന്നു,

> ഞാനോ, ഇതാ നിങ്ങളുടെ കയ്യിൽ ഇരിക്കുന്നു; നിങ്ങൾക്ക് ഇഷ്ടവും ന്യായവുമായി തോന്നുന്നതുപോലെ എന്നോട് ചെയ്തുകൊൾവിൻ. എങ്കിലും, നിങ്ങൾ എന്നെ കൊന്നുകളഞ്ഞാൽ, നിങ്ങൾ കുറ്റമില്ലാത്ത രക്തം നിങ്ങളുടെ മേലും ഈ നഗരത്തിന്മേലും അതിലെ നിവാസികളിന്മേലും വരുത്തും എന്ന് അറിഞ്ഞുകൊൾവിൻ; ... (യിരെമ്യാവ് 26:14, 15).

യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന ഒരാളെ മരണത്തിന് ഏല്പ

ിക്കരുത് എന്ന് പറഞ്ഞു യഹൂദാ പ്രഭുക്കന്മാർ യിരെമ്യാവിന്റെ രക്ഷക്കായി വന്നു. മുൻപ് ഹിസ്ക്കിയാവ് രാജാവിന്റെ കാലത്ത് മോരഷ്ട്യനായ മിഖായാവ് ഇതേ രീതിയിൽ പ്രസംഗിച്ചപ്പോൾ സംഭവിച്ച ഒരു കാര്യം അവരെ അവർ ധരിപ്പിച്ചു. ഹിസ്ക്കിയാവ് അവനെ മരണത്തിന് ഏല്പിക്കാതെ, അവന്റെ സന്ദേശം കേൾക്കുകയായിരുന്നു (യിരെമ്യാവ് 26:16–19).

മരണത്തിൽ നിന്ന് അവൻ രക്ഷപെട്ടെങ്കിലും, അപ്പോഴും അവനെ അവർ ശത്രുവായിട്ടുതന്നെ കിരുന്നു. സിദെക്കിയാവ് രാജാവിന്റെ വാഴ്ച്ചയുടെ നാലാം ആിൽ, വരുവാനിരിക്കുന്ന ബാബേൽ മുഖാന്തരം യഹൂദക്ക് നേരിടുന്ന പരാജയത്തെ മുന്നറിയിക്കുവാൻ അവൻ ഒരു നുകം കഴുത്തിൽവെച്ച് പ്രത്യക്ഷപ്പെടുകയുായി. യഹൂദക്കു ചുറ്റുമുള്ള ദേശങ്ങളിലേക്കും അവൻ നുകങ്ങൾ അയച്ചു, അവർ ബാബേലിന്നു കീഴ്പ്പെട്ടില്ലെങ്കിൽ നാശമായിരിക്കും സംഭവിക്കുക എന്ന് മുന്നറിയിച്ചു. ആ നുകങ്ങളെ ഒടിച്ചുകൊ്, രു വർഷത്തിനുള്ളിൽ നീക്കിക്കളയും എന്ന് പ്രവചിക്കുന്ന ഒരു കള്ളപ്രവാചകനായ, ഹനന്യാവിനെ അവൻ കുമുട്ടി (യിരെമ്യാവ് 27:1–28:11).

എങ്ങനെയായാലും, യിരെമ്യാവ് ദൈവസന്ദേശം തുടർച്ചയായി അറിയിച്ചുകൊിരുന്നു, ഹനന്യാവ് ഒടിച്ചുകളഞ്ഞ മരനുകത്തിന് പകരം ഒരു വർഷത്തിനുള്ളിൽ ഇരുമ്പു നുകം നൽകും എന്നു പറഞ്ഞു. യഹോവയുടെ വചനത്തിനെതിരെ നിൽക്കുവാൻ ജനത്തോട് ആവശ്യപ്പെട്ടതുകൊ് ഹനന്യാവ് മരിച്ചുപോയി. യിരെമ്യാവിന്റെ പ്രവചനം യാഥാർത്ഥ്യമായി (യിരെമ്യാവ് 28:12–17), എന്നാൽ രാജാവ് യിരെമ്യാവിന്റെ വചനം യഹൂദക്ക് എതിരും ബാബേലിന്ന് അനുകൂലമാണെന്നും ധരിച്ചു. പ്രവാചകനെ രാജ്യദ്രോഹകുറ്റം ചുമത്തി സ്വതന്ത്രസഞ്ചാരം അവനു വിലക്കുകയും ചെയ്തു (യിരെമ്യാവ് 36:5).

പിന്നീട്, യിരെമ്യാവിന്റെ ജീവിതത്തിൽ, തന്റെ പ്രവചനങ്ങളെല്ലാം പിന്നീട് വായിക്കേതിന്ന് രേഖപ്പെടുത്തുവാൻ യിരെമ്യാവിനോട് ദൈവം പറഞ്ഞു. അവന്റെ വിശ്വസ്ത വിദ്യാർത്ഥിയും ശാസ്ത്രിയുമായിരുന്ന ശാസ്ത്രി, ബാരൂക്ക്, യിരെമ്യാവിന്റെ പ്രവചനങ്ങളെല്ലാം എഴുതുകയും, യഹോവയുടെ ആലയത്തിൽ വെച്ച് അത് വായിച്ചുകേൾപ്പിക്കയും ചെയ്തു (യിരെമ്യാവ് 36:1–10). ബാരൂക്ക് അത് ദൈവാലയത്തിൽ വെച്ച് വായിച്ച ശേഷം, പ്രഭുക്കന്മാർ അത് രഹസ്യമായി തങ്ങൾക്ക് വായിച്ച് കേൾപ്പിപ്പാൻ പറഞ്ഞു. ബാരൂക്ക് മുഖാന്തരം യിരെമ്യാവിന്റെ വചനം രാജാവിനോട് അവർ അറിയിക്കുന്നതിന് മുൻപ് യിരെമ്യാവിനെ ഒളിപ്പിക്കുവാനും അവർ എവിടെയുന്നെ് ആരോടും അറിയിക്കരുതെന്നും അവർ ബാരൂക്കിനോട് പറഞ്ഞു (യിരെമ്യാവ് 36:11–19).

യിരെമ്യാവിന്റെ വചനം രാജാവിനെ വായിച്ചു കേൾപ്പിച്ചപ്പോൾ, അവൻ തന്റെ ശൈത്യകാല ഭവനത്തിൽ തീകാഞ്ഞുകൊിരിക്കുകയായിരുന്നു. മൂന്നു നാലു കോളം ചുരുളിൽനിന്ന് വായിച്ചശേഷം ശാസ്ത്രിയുടെ കത്തി കൊ് അതിനെ കീറി മുറിച്ച് തീയിലിട്ടു എരിച്ചുകളഞ്ഞു. ആ ചുരുൾ മുഴുവൻ രാജാവ് ഇങ്ങനെ തീക്കിരയാക്കി (യിരെമ്യാവ് 36:20–23). എന്നിട്ട് ബാരൂക്കിനേയും യിരെമ്യാവിനേയും പിടിച്ച് തടവിലാക്കുവാൻ കല്പിച്ചു, പക്ഷെ അവരെ കത്തിയില്ല. ഇതിനിടയിൽ ദൈവം യിരെമ്യാവിനോട്, വീും ചിലതു കൂടെ കൂട്ടിച്ചേർത്ത് ചുരുൾ വീും എഴുതുവാൻ ആവശ്യപ്പെട്ടു (യിരെമ്യാവ് 36:27–32).

അധികം കഴിയുന്നതിന് മുൻപ്, യെഹോയാക്കിമിനെ കുറിച്ചുള്ള യിരെമ്യാവിന്റെ വാക്കുകൾ നിവർത്തിയായി. ബാബേൽ രാജാവായിരുന്ന നെബൂഖദ്നേസർ യെരുശലേമിലേക്ക് വരികയും, അവൻ യെഹോയാക്കിമിനെ കീഴിലുള്ള

രാജാവാക്കുകയും ചെയ്തു. മൂന്നുവർഷം കഴിഞ്ഞപ്പോൾ, യെഹോയാക്കിം നെബൂഖദ്നേസറിനോട് മൽസരിച്ചു. ബാബേൽ സൈന്യം വന്ന് യെരുശലേമിനെ വളഞ്ഞ് യെഹോയാക്കിമിനെ പ്രവാസിയാക്കി കൊുപോയി. അവന്റെ മകൻ യെഹോയാഖീൻ അപ്പനുപകരം രാജാവായെങ്കിലും അവനു മൂന്നു മാസവും പത്തു ദിവസവും മാത്രമെ ഭരിക്കുവാനായുള്ളു. നെബൂഖെദ്നേസർ അവനെയും പ്രവാസിയാക്കി കൊുപോയി, പിന്നെ സിദെക്കിയാവിനെ യെരുശലേമിന്റെ രാജാവാക്കി (2 ദിനവൃത്താന്തം 36:8–10).

സിംഹാസനാരൂഢനായപ്പോൾ, സിദെക്കിയാവിന്ന് ഇരുപത്തി-ഒന്നു വയസ്സായിരുന്നു, അവന്റെ അപ്പനോടുായിരുന്ന വിരോധം യിരെമ്യാവിനോടുായിരുന്നില്ല. എങ്ങനെയായാലും, പ്രഭുക്കന്മാരും, പുരോഹിതന്മാരും, മറ്റു പ്രവാചകന്മാരും എപ്പോഴും ശത്രുക്കളായിത്തന്നെ തുടർന്നു. അവരെല്ലാം, മിസ്രയിം തങ്ങളുടെ സഹായത്തിനെത്തുമെന്ന് കരുതി, നെബൂഖെദ്നേസറിനെതിരായി തുടർച്ചയായി ഗൂഢാലോചന നടത്തി. ദൈവം യഹൂദയെ ശിക്ഷിക്കുവാനുദ്ദേശിക്കുന്നതുകൊ് മിസ്രയിമിന്റെ സഹായം തേടരുതെന്ന് യിരെമ്യാവ് അവരോട് പറഞ്ഞതുകൊ്, യിരെമ്യാവ് ശത്രുവിന്റെ വശത്താണെന്ന് ജനം ധരിച്ചു.

ഒരു ദിവസം, യിരെമ്യാവിന് സ്വദേശത്ത് തന്റെ ജനത്തിനിടയിലുായിരുന്ന അവകാശപ്പെട്ട സ്ഥലം കൈവശപ്പെടുത്തേതിനു പോകുമ്പോൾ, യെഹൂദ്യസൈന്യത്തിന്റെ ഒരു കാവൽ ഭടൻ അവനെ കാണുകയും, കൽദയരെ കുറ്റപ്പെടുത്തുന്നവനെന്ന് ആരോപിച്ച് അവനെ പിടിച്ച് കൽത്തുറുങ്കിൽ അടക്കുകയും ചെയ്തു, അങ്ങനെ അവന് ഏറെ നാളുകൾ അവിടെ കഴിയേിയും വന്നു (യിരെമ്യാവ് 37:11–16).

യിരെമ്യാവിനെ സിദെക്കിയാവിന് അത്ര ഇഷ്ടമല്ലായിരുന്നെങ്കിലും, യഹോവയുടെ അരുളപ്പാട് യിരെമ്യാവിൽനിന്നു കേൾപ്പാൻ അവൻ ആഗ്രഹിച്ചു. അതുകൊ് അവനെതടവിൽനിന്നു പറത്തുകൊുവന്ന് കാവൽക്കാരന്റെ പ്രാകാരത്തിലാക്കി (യിരെമ്യാവ് 37:17–21). അവസാനം ബാബേൽ യഹൂദ്യയുടെ മൽസരത്തെ ഒതുക്കി. തങ്ങൾക്ക് ലഭിക്കുന്നതിൽ ആളുകൾ കീഴ്പ്പെട്ടിരിക്കണമെന്ന് യിരെമ്യാവ് അവരോട് നിർബ്ബന്ധിച്ച് പറഞ്ഞുകൊിരുന്നു, ദൈവത്തിൽനിന്നും യോഗ്യമായ ശിക്ഷയാണ് അവർ അനുഭവിക്കുന്നതെന്നായിരുന്നു പ്രവാചകന്റെ സന്ദേശം. പ്രമാണിമാരിൽ ചിലർ അവന്റെ സന്ദേശം നിരുൽസാഹപ്പെടുത്തുന്നതും ഉപദ്രവകരവുമാണെന്ന് പറഞ്ഞ് പ്രവാചകനെ മരണത്തിന് ഏല്പിക്കുവാൻ ആഗ്രഹിച്ചു. ആഴത്തിൽ ചളിയുള്ള ഒരു തൊട്ടിയിൽ കാൽ ചളിയിൽ പൂിറങ്ങത്തക്കവണ്ണം അവർ അവനെ കയർ കെട്ടിയിറക്കി (യിരെമ്യാവ് 38:1–6).

കൂശ്യനായ ഏബേദ്-മേലെക്ക് എന്ന ഷണ്ഡൻ യിരെമ്യാവ് കുഴിയിൽ കിടക്കുന്നതറിഞ്ഞ് അവനോട് മനസലിവുായി അവൻ രാജാവിൽ പ്രേരണചെലുത്തി അവനെ അവിടെ നിന്നു കയറ്റി വീും കാവൽക്കാരന്റെ പ്രാകാരത്തിലാക്കി. പട്ടണം പിടിച്ചെടുക്കുന്നതുവരെ അവൻ അവിടെത്തന്നെ കഴിഞ്ഞു (യിരെമ്യാവ് 38:7–13).

## യെരുശലേമിന്റെ നാശം

ദൈവജനവും അവരുടെ പട്ടണവും നശിക്കുന്നത് കാണുവാൻ യിരെമ്യാവ് ആഗ്രഹിച്ചിരുന്നില്ല. യിരെമ്യാവിനെ കുറിച്ച് പൊതുജനവികാരം അങ്ങനെയായിരുന്നെങ്കിലും, അവൻ യഹൂദാ ജനത്തെയും അവരുടെ

പട്ടണത്തെയും സ്നേഹിച്ചിരുന്നു. വരുവാനിരുന്ന നാശത്തെ മുന്നറിയിക്കുമ്പോൾ അവന് ഒരു സന്തോഷവുമായിരുന്നില്ല. തന്റെ നാല്പതു വർഷത്തെ പ്രസംഗ കാലയളവിൽ അവൻ പല തവണ കരഞ്ഞിട്ടു്. ആളുകൾ ദൈവം പറയുന്നതു കേൾക്കാതിരുന്നതുകൊ്, അത്യാപത്തു വരുമെന്ന് അവന് അറിയാമായിരുന്നു.

യെരുശലേമിന്റെ വീഴ്ച്ചയെ കുറിച്ച് 2 രാജാക്കന്മാർ 25 ലും, 2 ദിനവൃത്താന്തം 36 ലും, യിരെമ്യാവ് 39 ലും പറയുന്നു്. യെരുശലേമിനെ വളയുവാൻ, നെബൂഖെദ്നേസർ തന്റെ സൈന്യത്തെ യെരുശലേമിലേക്ക് കൊുവന്നു. ആർക്കും പട്ടണത്തിലേക്ക് പ്രവേശിപ്പാനോ, പട്ടണം വിട്ടുപോകുവാനോ കഴിഞ്ഞില്ല. പട്ടണത്തിനുള്ളിലെ ആഹാരമെല്ലാം തീർന്നപ്പോൾ, യഹൂദാസൈന്യവും, സിദെക്കിയാ രാജാവും രാത്രിയിൽ മതിൽ തുരന്നു രക്ഷപ്പെടുവൻ ശ്രമിച്ചു. നെബൂഖെനേസറിന്റെ സൈന്യം അവരെ പിൻചെല്ലുകകയും, യെരീഹോ സമതലത്തിൽ വെച്ച് സിദെക്കിയാവിനെ മറികടന്ന്, സിദെക്കിയാവിന്റെ സൈന്യത്തെ ചിതറിച്ച് സിദെക്കിയാരാജാവിനേയും, അവന്റെ മക്കളേയും, മറ്റു പ്രവാസികളേയും രിബ്ലയിൽ, നെബൂഖെദ്നേസറിന്റെ അടുക്കലെത്തിച്ചു, അവിടെ അവരുടെ വിധി പ്രസ്താവിക്കയും ചെയ്തു. തന്റെ മക്കളെ കൊല്ലുന്നതു കാണുവാൻ രാജാവിനെ നിർബ്ബന്ധിച്ചു; പിന്നെ അവന്റെ രു കണ്ണുകളും തുരന്നെടുത്തു. അവനെ താമ്രം കൊുള്ള ചങ്ങലയാൽ ബന്ധിച്ച് ബാബേലിലേക്ക് കൊുപോയി.

പിന്നീട്, നെബൂഖെദ്നേസറിന്റെ സൈന്യാധിപൻ യെരുശലേമിലേക്ക് മടങ്ങിവന്ന് എല്ലാം നശിപ്പിക്കയും ചെയ്തു. അവൻ യെരുശലേം ദൈവാലയത്തിലുായിരുന്ന വിലയേറിയവയെല്ലാം എടുത്ത് ബാബേലിലേക്ക് കൊുപോയി. അതിന്റെ ഘടനകളെല്ലാം ഭാഗം ഭാഗമാക്കി ഒരു കൽകൂമ്പാരമാക്കി മാറ്റി. യെരുശലേമിലെ രാജധാനിയും, ഉദ്യോഗസ്ഥരുടെ ഭവനങ്ങളും ദൈവാലയവുമെല്ലാ മടക്കം കത്തുന്നതെല്ലാം തീക്കിരയാക്കി. അവൻ മതിലുകളെല്ലാം ഇടിച്ചുകളഞ്ഞ്, ആളുകളെയെല്ലാം പിടിച്ച് അടിമകളാക്കി ബാബേലിലേക്ക് കൊുപോയി. ഭൂമിയിലും തോട്ടങ്ങളിലും ജോലിചെയ്യുന്നതിന് സാധുക്കളായ ചിലരെ മാത്രം അവിടെ വിട്ടിട്ടു പോയി.

ഒരിക്കൽ, യെരുശലേമിന്റെ അഭിമാന രത്നമായിരുന്ന യഹൂദാ, ഒരിക്കൽ ഇഷ്ടപ്പെട്ടിരുന്നതും അവരുടെ ദേവന്മാരെ ബഹുമാനിച്ചിരുന്ന അതേ ആളുകൾ ഇപ്പോൾ അവർക്ക് ശത്രുക്കളായി മാറി. ഒരിക്കൽ വ്യാപാരസമുച്ചയമായിരുന്നതും മതപരമായ കേന്ദ്രമായിരുന്നതുമായ യഹൂദ്യ, ഒരു ചാമ്പൽകൂമ്പാരമായി കിടക്കുന്നു. ഒരിക്കലും സംഭവിക്കുകയില്ല എന്ന് ആളുകൾ വിചാരിച്ചതുതന്നെ സംഭവിച്ചു.

യെരുശലേമിനെ പിടിച്ചടക്കിയശേഷം, ബാബേൽ യിരെമ്യാവിനെ തടവിൽനിന്നു മോചിപ്പിക്കയും അവനെ ബഹുമാനിക്കയും ചെയ്തു (യിരെമ്യാവ് 39:11–14). അവരുടെ ഗവൺമെന്റിനനുകൂലമായിട്ടായിരുന്നു അവൻ സംസാരിച്ചിരുന്നതെന്ന് അവർക്ക് അറിയാമായിരുന്നു. അവന്റെ സ്വദേശമായ യെരുശലേമോ അതോ ബാബേലോ ഏതു വേണമെങ്കിലും തിരഞ്ഞെടുത്തുകൊൾവാൻ അവർ അവനെ അനുവദിച്ചു (യിരെമ്യാവ് 40:4, 5). തന്റെ സ്വദേശത്ത് താമസിക്കുന്നതാണ് അവൻ തിരഞ്ഞെടുത്തത്.

## യഹൂദ്യയുടെ ദുർഘടാവസ്ഥ അവൻ തള്ളിക്കളഞ്ഞു

നാശത്തിന് ശേഷം, ദൈവം യിരെമ്യാവിനോട് കതും അവന് എന്തു തോന്നിയെന്നതും എഴുതുവാൻ ആവശ്യപ്പെട്ടു. പുസ്തകം എഴുതിയത് ദൃക്സാക്ഷിയാണെന്ന് വിലാപങ്ങളുടെ പുസ്തകമുടനീളമുള്ള തെളിവുകൾ വ്യക്തമാക്കുന്നു. നാശം സംഭവിച്ച് മണിക്കൂറുകൾക്ക് ശേഷം ഒരുപക്ഷെ യിരെമ്യാവ് നാശാവശിഷ്ടങ്ങൾക്കിടയിൽകൂടെ നടന്ന് പോയിരിക്കാം. താൻ ജനിച്ചുവളർന്നതും ഇഷ്ടപ്പെട്ടതുമായ പട്ടണം ഇടിഞ്ഞുപൊളിഞ്ഞ് കൽകൂമ്പാരമായി കിടക്കുന്നതും, മൃതശരീരങ്ങൾ അവിടവിടെ കിടക്കുന്നതും ക്, യിരെമ്യാവിന്റെ കണ്ണിൽനിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകിക്കാണും.

അവിശ്വാസത്തിന്റെ അനന്തരഫലമായ വേദനപൂ അവസ്ഥ അവന്റെ വികാരങ്ങൾ നിസഹായതയും പ്രത്യാശാരാഹിത്യവും പ്രകടമാക്കുന്നതായിരുന്നു. അന്യദേവന്മാരെ നമസ്ക്കരിക്കുന്നതിന് ഒരു ദേശത്തെ അയക്കുന്നതായിരുന്നു യഹൂദ്യ അനുഭവിച്ച ദുർഘടാവസ്ഥ. ആവശ്യമുള്ള സമയത്ത് അവരെ സഹായിക്കുവാൻ വ്യാജദേവന്മാർക്ക് കഴിയുകയില്ല എന്ന പാഠം വേദനയോടെ അവർ മനസിലാക്കി.

സംഭവിക്കുവാൻ പോകുന്നത് വളരെ വേദനയോടെ യിരെമ്യാവ് ജനത്തോട് അറിയിച്ചുവെങ്കിലും, ജനം അത് കേൾക്കുവാൻ തയ്യാറായില്ല. അത് സംഭവിക്കരുത് എന്നാണ് അവൻ ആഗ്രഹിച്ചത്. അവർ ദൈവം പറഞ്ഞത് കേൾക്കുവാൻ തയ്യാറാകാതെ അവർ മിസ്രയിമിലും മറ്റു ദേശങ്ങളിലും ആശ്രയിച്ചിരുന്നതുകൊാണ്, നാശം സംഭവിച്ചത്. യഹോവ മാത്രമെ ഏകസത്യദൈവമായിട്ടുള്ളു എന്ന് വിശ്വസിക്കുവാൻ അവർ പരാജയപ്പെട്ടതുകൊുകൂടെയാണ്, നാശം സംഭവിച്ചത്. വിലാപങ്ങളുടെ പുസ്തകം ഒരു കരച്ചിലിന്റെ പുസ്തകമാണ്, അത് യേശു ലോകത്തിൽ വന്ന് ജനിക്കുന്നതിന് 585 വർഷങ്ങൾക്ക് മുൻപ് യെരുശലേമിനും യഹൂദ്യക്കും സംഭവിച്ച അത്യാപത്തിന്റെ ചരമഗീതമാണ്. യിരെമ്യാവിന്റെ വാക്കുകൾ കേൾക്കുക:

> അയ്യോ, എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാർനിമിത്തം, രാവും പകലും കരയേതിന്ന്, എന്റെ തല വെള്ളവും, എന്റെ കണ്ണ് കണ്ണുനീരുറവയും ആയിരുന്നെങ്കിൽ കൊള്ളായിരുന്നു. അയ്യോ, എന്റെ ജനത്തെ വിട്ടുപൊയ്ക്കളയേതിന്ന്, മരുഭൂമിയിൽ വഴിയാത്രക്കാർക്കുള്ള ഒരു സത്രം എനിക്ക് കിട്ടിയെങ്കിൽ കൊള്ളായിരുന്നു. അവരെല്ലാവരും വ്യഭിചാരികളും ദ്രോഹികളുടെ കൂട്ടവുമല്ലൊ (യിരെമ്യാവ് 9:1, 2).

---

## സന്ദേശം എന്താണ്?

*യിരെമ്യാവിനെ പോലെ നിങ്ങൾക്ക് എപ്പോഴെങ്കിലും തോന്നിയിട്ടുോ?* ദൈവം പറയുന്നത് ശ്രദ്ധിച്ചുകേൾക്കുകയും, ഏറ്റവും നന്നായി അവന്നുവേി ജീവിക്കയും അവന്റെ സന്ദേശം അറിയിക്കയും ചെയ്തിട്ട്, ഒരുപക്ഷെ നിങ്ങൾക്ക് നിരാശയും പരാജയവും ലഭിച്ചിരിക്കാം. നിങ്ങൾ അപ്രധാനവും നിഷ്ഫലവുമെന്ന് നിങ്ങൾക്ക് തോന്നാം. മറ്റുള്ളവർ നിങ്ങളുടെ സമർപ്പണത്തെ പുഛിച്ച്, നിങ്ങൾ ഒരു മതഭ്രാന്തനെന്ന നിലയിൽ നിങ്ങളോട് പെരുമാറുകയോ, അല്ലെങ്കിൽ നിർവ്വികാരതയെ നിങ്ങൾ അമിതമായി പ്രതികരിക്കുന്നതായോ പ

റഞ്ഞേക്കാം. പരിഹസിക്കപ്പെട്ട്, നിശബ്ദനായി, നിങ്ങളുടെ ചിന്തകളുമായി ഏകാന്തതയിൽ കഴിയുവാൻ ആഗ്രഹിച്ചേക്കാം.

മരണഭീഷണിയുായിട്ടും, തന്റെ വിശ്വസ്തത കാത്തുസൂക്ഷിച്ച യിരെമ്യാവിനെ, ഓർമ്മിക്കുക. ദൈവം ഇപ്പോഴും സകലവും നിയന്ത്രിക്കുന്നു, അവന്റെ ഉദ്ദേശങ്ങൾ യിരെമ്യാവിന്റെ കാലത്തിലേതുപോലെ തന്നെയാണ്. ദൈവം നമ്മെ സൃഷ്ടിച്ചത് ഒരു പ്രത്യേക ഉദ്ദേശത്തിനാണ്. തനിക്ക് നമ്മിൽ വസിപ്പാൻ ഒരു സ്ഥലത്തോടുകൂടി, തന്റെ സ്വരൂപത്തിലാണ് ദൈവം നമ്മെ നിർമ്മിച്ചത്. തനിക്കുവേി ദൈവം നമ്മിൽ നിർമ്മിച്ച ഹൃദയത്തിൽ ഒരു ഭാഗം അവനു വസിക്കുവാനുള്ളതാണ്. നമ്മുടെ ശരീരങ്ങൾ അവന്റെ മന്ദിരമാകുവാനും അവൻ ആഗ്രഹിക്കുന്നു (1 കൊരിന്ത്യർ 6:19, 20; എഫെസ്യർ 2:21, 22).

ദൈവം നമ്മെ വിളിക്കുന്നത് എളുപ്പമുള്ള ജീവിതം നയിക്കുവാനല്ല. ക്രൂശിലേക്കും, ലജ്ജയിലേക്കും, പരിഹാസത്തിലേക്കുമാണ് അവൻ നമ്മെ വിളിക്കുന്നത്. നമ്മുടെ ജീവിതംകൊ് യേശുവിനെ ഉയർത്തുവാൻ തന്നെത്താൻ ത്യജിക്കുവാനാണ് കർത്താവ് കല്പിച്ചിരിക്കുന്നത്. യേശു ക്രൂശിൽ മരിച്ചത് തന്റെ ശിഷ്യന്മാർ അത് ശ്രദ്ധിക്കാതെ ലോകത്തിന്റെ മനോഹാരിത കാണുന്നതിനായിരുന്നില്ല. "നടപ്പു കുറഞ്ഞ വഴിയാണ്" നീതിയുടെ വഴി. അവനെ സേവിക്കുന്നതിനുള്ള വില നമുക്ക് താങ്ങുവാൻ കഴിയുന്നതിനപ്പുറമാണ്. എങ്ങനെയായാലും, അവനെ സേവി *ക്കാതിരുന്നാൽ*, അതിലും വലിയ വിലയാണ് നൽകേി വരിക. മൽസരത്തിനും വിഗ്രഹാരാധനക്കും യഹൂദ്യദേശം നൽകിയ വിലയുമായി ദൈവവഴി തിരഞ്ഞെടുത്തതിനു യിരെമ്യാവ് കൊടുത്ത വില താരതമ്യം ചെയ്യുമ്പോൾ, അവൻ കൊടുത്ത വില വളരെ ചെറുതായിരുന്നു എന്നു കാണാം.

*ഒരുപക്ഷെ നിങ്ങൾ യഹൂദ്യയെ പോലെ ആയിരിക്കാം* - കേൾക്കുന്നുാകാം, പക്ഷെ ദൈവം പറയുന്നതല്ലായിരിക്കാം കേൾക്കുന്നത്. ദൈവസാന്നിധ്യത്തിനു മുകളിൽ പാപസുഖം നിങ്ങൾ ഇഷ്ടപ്പെടുന്നുാേ? തിരിച്ചറിയാതെ ഒരുപക്ഷെ നിങ്ങൾ നിൽക്കുന്നത് അപകടകരമായ അനന്തരഫലത്തിലായിരിക്കാം, ആത്മിയമായ അധഃപതനത്തിലായിരിക്കാം. സത്യം പ്രസംഗിക്കുന്നത് നിങ്ങൾ കേട്ടിരിക്കാം, പക്ഷെ നിങ്ങൾക്ക് അത് വിശ്വസിക്കുവാൻ കഴിഞ്ഞിരിക്കയില്ല. പ്രാസംഗികൻ നമ്മുടെ ഇഷ്ടപ്രകാരം പ്രസംഗിക്കണമെന്ന ആഗ്രഹം ആയിരിക്കും സത്യം അഭിമുഖീകരിക്കുന്നതിനേക്കാൾ എളുപ്പം.

വിദ്യാഭ്യാസം, ശാസ്ത്രീയ ഗവേഷണം, സാങ്കേതികപുരോഗതി എന്നിവയാൽ ഭൗതികവും, സാമൂഹ്യവും, സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കത്തൊമെന്നാണ് ഇന്ന് ആളുകൾ വിചാരിക്കുന്നത്. എന്നാൽ എത്ര വിദ്യാഭ്യാസം ചെന്നവരായാലും, എത്ര ജ്ഞാനമുള്ളവരായാലും, ദൈവത്തെ കൂടാതെ അവർക്ക് നന്നാകുവാൻ സാധ്യമല്ല എന്നതാണ് വാസ്തവം. വിദ്യാഭ്യാസവും, ഗവേഷണവും, സാങ്കേതികത്വവുമെല്ലാം സഹായകരമാണ്, പക്ഷെ ദൈവത്തെ കൂടാതെ, ഈ ഭൂമിയിലെ ജീവിതം ഗുണകരമാക്കുവാൻ സാധ്യമല്ല. ഭൗതികസമ്പാദ്യാരാധന സ്വയം-നശിപ്പിക്കുന്നതാണ്. ആളുകൾ, അവർ ആരാധിക്കുന്നവയെപോലെ ആയി മാറും. ഒരാൾ തന്റെ സമ്പാദ്യത്തെ ആരാധിക്കുമ്പോൾ, അയാളുടെ ആത്മാവ് ചുരുങ്ങുകയും ദൈവിക യാഥാർത്ഥ്യവുമായുള്ള ബന്ധം നഷ്ടമാകുകയും ചെയ്യും.

തന്റെ ലേഖനങ്ങളിൽ, ജ്ഞാനികളെന്ന് പറഞ്ഞുകൊ് ബുദ്ധിഹീനരായിരിക്കുന്ന ആളുകളെ കുറിച്ചു പറയുന്നു് (റോമർ 1; 1 കൊരിന്ത്യർ 2). അവർ

ദൈവത്തിന്റെ പ്രതിമയെ മനുഷ്യരുടേയും മൃഗത്തിന്റേയും പ്രതിമയാക്കി മാറ്റിയിരിക്കുന്നു. അവർ ദൈവത്തിന്റെ സന്ദേശം തങ്ങൾക്ക് ബോധിച്ച രീതിയിൽ മാറ്റുവാൻ സ്വാതന്ത്ര്യം എടുത്തിരുക്കുന്നു. റോമർ 1 ൽ മൂന്നു പ്രാവശ്യം പൗലൊസ്, പറഞ്ഞു "ദൈവം അവരെ അതിന് ഏൽപിച്ചിരിക്കുന്നു" (വാ.24, 26, 28). ദൈവം ആളുകളെ അവരുടെ ഇംഗിതപ്രകാരമുള്ള ജീവിതത്തിലേക്ക് വിടുമ്പോൾ, അല്ലെങ്കിൽ സത്യദൈവത്തെ വിട്ട് അന്യദേവന്മാരിലേക്ക് അയക്കുമ്പോൾ, തങ്ങൾ നഷ്ടപ്പെട്ടവരാണെന്ന് തോന്നാത്തവിധം അവർ നഷ്ടപ്പെടുന്നു.

എപ്പോഴെങ്കിലും ദൈവവചനം കേൾക്കേത് അത്യാവശ്യമാണെന്നുങ്കെിൽ, അത് ഇപ്പോഴാണ്. കർത്താവിന്റെ വചനം കേൾക്കുവാൻ ഇനിയും ധാരാളം സമയമുണ്ടോ, അല്ലെങ്കിൽ അതിന് പറ്റിയ സമയം പിന്നീട് ലഭിക്കും എന്നോ ചിന്തിക്കുക വളരെ എളുപ്പമാണ്. ആളുകൾ എളുപ്പത്തിൽ വഞ്ചിതരാകും. നമുക്ക് ഇഷ്ടമുള്ളത് കേൾപ്പാനും ഇഷ്ടമില്ലാത്തത് അരിച്ചുകളവാനുമാണ് പലപ്പോഴും നമുക്ക് താല്പര്യം.

1965-ൽ ചിലിയുടെ തീരത്ത്നിന്ന് നൂറ്കണക്കിന് മൈൽ അകലെ ഒരു ഭൂകമ്പമുായതുകൊ് കടലിൽ വലിയോരു തിരമാല രൂപപ്പെട്ടുകൊിരുന്നു. അത് തീരത്തെത്തുവാൻ മണിക്കൂറുകൾ എടുത്തു. തീരദേശനിവാസികളോട് ഓടി ഉയർന്ന പ്രദേശങ്ങളിൽ പോയി രക്ഷപ്പെടുവാൻ അധികാരികൾ മുന്നറിയിപ്പ് നൽകിക്കൊിരുന്നു. തിരമാല വന്നുപോയപ്പോൾ മുപ്പത്തി-രു പേർ മരിക്കുകയും, ഇരുപത്തി-ഏഴുപേർ കാണാതാകുകയും ചെയ്തതായി വിവരം ലഭിച്ചു. യുണൈറ്റഡ് പ്രസ് ഇന്റർനാഷ്ണൽ കറസ്പോന്റ് ജോർജ് ഈഗിൾ പറഞ്ഞു, "ഇതിൽ ആരും മരിക്കേിയിരുന്നില്ല. കാരണം അവർക്ക് രക്ഷപെടുവാൻ വേത്ര സമയം കൊടുത്തിട്ടും, അവർ മുന്നറിയിപ്പ് അവഗണിക്കുകയായിരുന്നു."

നമുക്ക് സത്യം അവഗണിക്കാതെ അല്ലെങ്കിൽ കേൾക്കുവാൻ പിന്നീട് അവസരം ലഭിക്കും എന്ന് ചിന്തിക്കാതിരിക്കാം. മറിച്ച്, നമുക്ക് പൗലൊസിന്റെ പ്രബോധനം ശ്രദ്ധിക്കാം:

> ... ഇതാ, ഇപ്പോഴാകുന്നു "സുപ്രസാദകാലം," ഇപ്പോഴാകുന്നു, "രക്ഷാദിവസം" (2 കൊരിന്ത്യർ 6:2).

---

കുറിപ്പ്

[1]വോൺ ഓറലി, "ജെരെമ്യാ," *ദ ഇ ന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* വാല്യം. 3 എഡി.ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1957), 1588.

## വിലാപങ്ങളുടെ പുസ്തകം

ഓർക്കേതിന് എഴുതിയതാണ് വിലാപങ്ങളുടെ പുസ്തകം. നമുക്ക് അതിന്റെ മറക്കാനാകാത്ത സ്വഭാവരീതിയും ഉള്ളടക്കവും പരിഗണിക്കാം.

*ഗൂഢാലങ്കാരശ്ലോക ഏർപ്പാട്.* അഞ്ചു പദ്യങ്ങളടങ്ങുന്നതാണ് വിലാപങ്ങൾ. നാലെണ്ണം ഗൂഢാലങ്കാരശ്ലോകങ്ങളാണ്; അതായത്, ഓരോ വാക്യവും വ്യത്യസ്ത എബ്രായ അക്ഷരത്തിൽ തുടങ്ങി, അക്ഷരമാല ക്രമത്തിലാണ് പുരോഗമിക്കുന്നത്. അദ്ധ്യായങ്ങൾ, 1 ലും, 2 ലും, 4 ലും ഓരോന്നിലും ഇരുപത്തി-രു വാക്യങ്ങളു്, എബ്രായ അക്ഷരമാലയിലെ ഓരോ അക്ഷരവും ഓരോ വാക്യത്തിലുമു്. അദ്ധ്യായം മൂന്നിൽ ഓരോ അക്ഷരത്തിലും മൂന്നു വാക്യങ്ങളു്-അങ്ങനെ മൊത്തം അറുപത്തി-ആറു വാക്യങ്ങൾ. അദ്ധ്യായം 5 ൽ ഇരുപത്തി-ര് വാക്യങ്ങളു്, എന്നാൽ അക്ഷരമാല ക്രമത്തിലല്ല.[1] ഓർമ്മിക്കേതിനുവേി ഉള്ളതാണ് പലപ്പോളും ഗൂഢാലങ്കാരശ്ലോക രീതി. താഴെ കൊടുത്തിരിക്കുന്ന അക്ഷരമാല ക്രമം ഓരോ വരിയും ഓർമ്മിക്കുവാൻ ആളുകളെ സഹായിക്കുന്നതാണ്.

*അസാധാരണ തലവാചകം.* പുസ്തകത്തിന്റെ ആരംഭത്തിലെ എബ്രായ തലവാചകം *ഏഖാ* എന്നും, അർത്ഥം "എങ്ങനെ!" എന്നുമാണ്, അത് 1:1 ലെ ആദ്യ വാക്കിൽനിന്നും എടുത്തതാണ് (കൂടാതെ 2:1 ലും 4:1 ലുമു്). യെഹൂദ പാരമ്പര്യത്തിൽനിന്നും പുസ്തകത്തിലെ വിഷയത്തിൽനിന്നും വന്നുവെന്നു സൂചിപ്പിക്കുന്നതാണ് *കിനോട്ട്,* അർത്ഥം "വിലാപങ്ങൾ."[2]

*സർവ്വദേശീയ പ്രസക്തത.* ഇന്നത്തെ ബൈബിൾ വിദ്യാർത്ഥികൾക്ക്, ഈ പുസ്തകം കുറച്ചു-മാത്രം അറിയപ്പെടുന്നതും അതിലെ സന്ദേശം അപ്രസക്തമായും തോന്നിയേക്കാം. എങ്ങനെയായാലും, എബ്രായസമൂഹം ഇത് മനഃപ്പാഠമാക്കിയിരുന്നു! ഇന്നും യഹൂദന്മാർ ആബ് മാസം ഒമ്പതാം ദിവസം അത് ഉരുവിടുകയോ ഉറക്കെ വായിക്കുകയോ ചെയ്യും. ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച് പറയപ്പെടുന്നത്, ആ ദിവസമായിരുന്നു ബി.സി.586 ൽ യെരുശലേമും ദൈവാലയവും നശിപ്പിച്ചത്, ഏ. ഡി. 70 – ൽ[3] ഹെരോദാവിന്റെ ആലയം നശിപ്പിച്ചതും എന്നാണ്.

ആവർത്തിച്ചാവർത്തിച്ച് ദൈവത്തിൽനിന്നു പുറം തിരിഞ്ഞുനിൽക്കുന്ന ഒരു ദേശത്തിന് എന്തു സംഭവിക്കുമെന്ന ഏറ്റവും നല്ല വിവരണമാണ് വിലാപങ്ങളുടെ പുസ്തകങ്ങൾ നൽകുന്നത്. എല്ലാ കാലങ്ങളിലും ആളുകൾ ഈ പുസ്തകം വായിക്കുകയും ഓർമ്മിക്കുകയും ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തോട് നിർവ്വികാരമായി അശ്രദ്ധജീവിതം നയിക്കുന്നവർ ഉണരേതിനുള്ള ഒരു വിളിയാണിത്.

---

കുറിപ്പുകൾ

[1]ആന്റണി ലീ. ആഷ്, *ജെരെമ്യ ആന്റ് ലെമന്റേഷൻസ്.* ദ ലിവിങ്ങ് വേഡ് കമെന്ററി, എഡി. ജോൺ റ്റി. വില്ലിസ് (അബിലീൻ ടെക്സ്.: എസിയു പ്രസ്, 1987), 331–32. [2]കെന്നെത്ത് ബാർക്കർ, എഡി., "ഇൻട്രൊഡക്ഷൻ," *ദ എൻഐവി സ്റ്റഡി ബൈബിൾ,* 10 ന്ത് എഡി., (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1995), 1579. [3]ഇബിഡ്.